# Deepika

## 21 July 2018

## Chellanam, Sand Gate



**കടൽത്തിരമാലകളെ പ്രതിരോധിക്കാൻ ചെല്ലാനം പ്രദേശത്ത് മണൽവാടയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ.**

# ചെല്ലാനത്ത് മണൽവാട കെട്ടിത്തുടങ്ങി

**പള്ളുരുത്തി:** ചെല്ലാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ആഞ്ഞടിച്ച തിരമാലകൾ ശാന്തമായതോടെ തീരപ്രദേശത്ത് മണൽവാട കെട്ടിത്തുടങ്ങി. കടൽ കയറുന്ന പ്രദേശങ്ങളിൽ ജെസിബി ഉപയോഗിച്ച് മണൽ നിരത്തുന്ന ജോലിയാണ് നടക്കുന്നത്. ചെറിയ കടൽകയറ്റങ്ങൾ തടയാൻ മണൽ വാടയ്ക്കാകും.

ദുരിതാശ്വാസ ക്യാമ്പുകളിൽ ഉണ്ടായിരുന്നവർ വീടുകളിലേക്ക് തിരിച്ചുപോയി. കടൽ കയറിയ വീടുകളിൽ വെള്ളം ഒഴുകിപ്പോയെങ്കിലും കടലിൽ നിന്നുള്ള ചെളിയും മണ്ണും നിറഞ്ഞു കിടക്കുകയാണ്.

തെക്കേ ചെല്ലാനം ഭാഗത്ത് വെള്ളിയാഴ്ച്ച 450ളം വീടുകൾ ശുചീകരിച്ചു. അക്വിനാസ് കോളേജിലെ എൻഎസ്എസ് വോളൻഡിയർമാർ, ആശാ പ്രവർത്തകർ, ആരോഗ്യവകുപ്പ് അധികൃതർ എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണ പ്രവർത്തനം നടന്നത്.

വരും ദിവസങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ തുടരുമെന്ന് കൊച്ചി തഹസിൽദാർ കെ.വി. ആംബ്രോസ് അറിയിച്ചു.